ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടായിരിക്കുമെന്നാണ് വിശ്വാസം.

ശ്രീ. ഇടുര അയ്യപ്പൻ: ഫുഡ് പ്രൊഡക്ഷൻ ബോർഡ് ചെയർമാന്റെ മുതുവളപ്രസ്ഥാനംകൊണ്ട് എത്ര കൂടുതൽ വിളവു ഉണ്ടായിട്ടുണ്ട്.

Mr. Speaker: That question is disallowed.

കൃഷിക്കു വിട്ടുകൊടുത്ത നിലവും കിട്ടിയ നെല്ലും

*൩൫൭. (൨൦) ശ്രീ. വി. കെ. വേലിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷ്യാല്ലാഭനവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) സർക്കാർവക എത്ര ഏക്കർ സ്ഥലം കൃഷിക്കായി ഫൻ ഴൻ-ൽ കുടികിടക്കു വിട്ടുകൊടുത്തു;

(ബി) അതിൽനിന്നും എത്ര പറ നെല്ല് സർക്കാരിനു കിട്ടി?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എയും ബിയും) Specific ഫിഗേഴ്സ് കിട്ടിയിട്ടില്ല.

ശ്രീ. പി. കെ. പാഠം: ഈ കാര്യത്തിൽ മന്ത്രിമാരെ മറുപടി വരുത്തുന്നതിനുള്ള താമസം എന്താണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വന്നിട്ടില്ലാ അതുകൊണ്ട്.

കയറുമതി നിരോധനം

*൩൫൮. (൨൧) ശ്രീ. വി. കെ. വേലിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട കൃഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മരച്ചീനി കയറുമതിചെയ്യുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നിരോധനം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ;

(സി) നിരോധനക്കാലത്ത് എത്രയെങ്കിലും കയറുമതിക്ക് അനുവാദം കൊടുത്തിട്ടുണ്ടോ;

(ഡി) ഫൻ ഓ-ൽ മരച്ചീനി അന്യരാജ്യങ്ങളിലേക്ക കയറുമതിചെയ്തിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ഫൻർന്ന മാസ്സ് ൪-ാംതിയതിമുതൽ ഈ നിരോധനം നിലവിലുണ്ട്.

(സി) ചുരുക്കം ചില പെർമിറ്റുകൾ നൽകിയിട്ടുണ്ട്.

(ഡി) ഫൻ ഓ-ൽ നൽകിയിട്ടില്ല.

ശ്രീ. വി. കെ. വർഗീസ്: ഈ ചുരുക്കം ചില ആളുകൾക്ക പെർമിറ്റ നൽകാനുള്ള കാരണമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു അടുത്തകാലത്തു നൽകിയിട്ടുള്ളതല്ല.

ശ്രീ. വി. കെ. വർഗീസ്: എത്രപ്പേർക്കാണ് നൽകിയിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അയ്യ് ഫൻർസ്-ന മസുള്ള കായ്യ് മാണ്. ഞക്കാണെന്നറിഞ്ഞൂകൂടാ.

ശ്രീ. സി. വി. ഇയ്യു: ഈ സഭയിലുള്ള ആക്കെങ്കിലും അങ്ങനെ പെർമിറ്റകം നൽകിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടുത്തകാലത്തു് അങ്ങനെയുണ്ടായിട്ടില്ല.

ശ്രീ. സി. വി. ഇയ്യു: ഈ രണ്ടുകൊല്ലത്തിനകത്തു നൽകിയിട്ടില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: മരച്ചീനിപ്പൊടി കയറ്റി അയക്കാൻ അനുവാദം വേണമെന്നു് ഏതെങ്കിലും നിവേദകസംഘം ഗവൺമെണ്ടിനെ സമീപിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

പേപ്പർ പെട്രോളം കൺട്രോൾ

*നൂറ്റമ്പ. (എ) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പേപ്പർ കൺട്രോൾ, പെട്രോൾ കൺട്രോൾ ഇവ എന്നുമുതൽ നിറുത്തലാക്കി;

(ബി) ഈ വകുപ്പിൽ ജോലിചെയ്തിരുന്നവർ ഇപ്പോൾ ഏതേതു ഡിപ്പാർട്ട്മെൻറിൽ ജോലിചെയ്യുന്നു; അവരിൽ എത്രപേരെ പിരിച്ചുവിട്ടു?

മരാമത്തും ഗതാഗതവും, കൃഷിയും, വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): പേപ്പർ കൺട്രോൾ ഡെ—ഏ—ഫൻർ-ലും, പെട്രോൾ കൺട്രോൾ ഫ—ൻ—ഫൻർ-ലും നിറുത്തലാക്കി. ഈ വകുപ്പുകളിൽ ജോലിചെയ്തിരുന്നവരിൽ ഏതാനുംപേർ വകുപ്പുകളിലെ ചില ജോലികൾ പൂർത്തിയാക്കുന്നുണ്ടു്. ഏതാനുംപേർ കൺട്രോളർ ഓഫ് കമ്മോഡിറ്റീസിന്റെ ആഫീസിൽ ജോലിചെയ്യുന്നു. റിട്രെഞ്ച്മെൻറിന്റെ കാര്യം ഗവൺമെണ്ടിന്റെ പരിഗണനയിൽ ഇരിക്കുന്നു.

ശ്രീ. എ. താണുപിള്ള: പെട്രോൾ കൺട്രോൾ നിറുത്തിയതിനുശേഷം പെട്രോൾ ഈ രാജ്യത്തു കൂടുതലോ കുറവോ കൺസ്യൂം ചെയ്യപ്പെട്ടിട്ടുള്ളതു് എന്നറിയാമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഫിഗേഴ്സ് ഇല്ല.

ട്രാൻസ്പോർട്ടുവകുപ്പിലെ ഓവർടൈം അലവൻസു്

*നൂറ്റമ്പ. (എമ) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

സ്റ്റേറ്റ ട്രാൻസ്പോർട്ട കണ്ടക്ടർമാർ, ഡ്രൈവർമാർ മുതലായവരുടെ ഓവർടൈം അലവൻസു് യഥാസമയം (മാസംതോറും) കൊടുക്കുക പതിവുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): ഡ്രൈവർ, കണ്ടക്ടർ ഇവരുടെ അലവൻസു് മാസംതോറും, മെക്കാനിക്കൽ സ്റ്റാഫ്, ടയർ സ്റ്റാഫ് ഇവരുടെ അലവൻസു് കാലാർത്തോറും കൊടുക്കാറാണു് പതിവു്. ആഡിറ്റു തടസ്ഥം കാരണം ചിലപ്പോൾ വൈകാറുണ്ടു്.

ശ്രീ. എ. താണുപിള്ള: ഇതു് അതായതു് ഈ ആഡിറ്റുതടസ്ഥം ഏതു കാരണമാണു് ഉണ്ടായിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly